6788
4/12/18

**കേരള സർക്കാർ**

പാ.കാ.വ-ബി1/134/2018/പാ.കാ.വ

**പാർലമെന്ററികാര്യ (ബി) വകുപ്പ്**
തിരുവനന്തപുരം,
തീയതി : 08/10/2018.

## <u>സർക്കുലർ</u>

വിഷയം : പാർലമെന്ററികാര്യ വകുപ്പ്- പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഭരണ നടപടികൾ പൂർണ്ണമായും മലയാള ഭാഷയിലാക്കിയതിനാൽ സമിതിയുടെ നടപടി റിപ്പോർട്ടുകൾ മലയാളത്തിൽ നിയമസഭയ്ക്ക് ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന : 01.09.2018 ലെ നിയമസഭാ സെക്രട്ടറിയുടെ 21725/പി.യു.സി.ബി2/2018/നി.സെ നമ്പർ കത്ത്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഭരണ നടപടികൾ പൂർണ്ണമായും മലയാള ഭാഷയിലാക്കുന്നതിനും 18.07.2018 മുതലുള്ള സമിതിയുടെ യോഗ നടപടിക്കുറിപ്പുകൾ, റിപ്പോർട്ടുകൾ, എന്നിവ മലയാള ഭാഷയിൽ തയ്യാറാക്കുന്നതിനും സമിതി തീരുമാനിച്ചിട്ടുണ്ടെന്ന് സൂചന കത്ത് പ്രകാരം നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഇംഗ്ലീഷിൽ തയ്യാറാക്കി ഇതിനകം നിയമ സഭയിൽ സമർപ്പിച്ചിട്ടുള്ളതും നടപടികൾ തുടർന്നു വരുന്നതുമായ സമിതിയുടെ റിപ്പോർട്ടുകളിന്മേലും 18.07.2018 ന മുമ്പ് സമിതി പരിഗണിച്ചതും ഇംഗ്ലീഷിൽ തയ്യാറാക്കി സഭയിൽ സമർപ്പിക്കുവാനുള്ളതുമായ സമിതിയുടെ റിപ്പോർട്ടുകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രികകൾ (Action Taken Statements -ATS) ഇംഗ്ലീഷിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സി.ആന്റ് എ.ജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളുടെ മലയാള പരിഭാഷയാണ് ഇനി മുതൽ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതെന്നതിനാൽ തുടർന്നുള്ള യോഗങ്ങളിൽ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രികകൾ (Remedial Measures Taken - RMT) മലയാളത്തിൽ തന്നെ തയ്യാറാക്കി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ മലയാള പരിഭാഷ പൂർണ്ണ രൂപത്തിൽ ഉൾപ്പെടുത്തി നിയമസഭയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും സമിതിയുമായി ബന്ധപ്പെട്ട എല്ലാ കത്തിടപാടുകളും മലയാളത്തിൽ ആയിരിക്കേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നു.

**റാണി ജോർജ്ജ്**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും /സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ